(ബി) ഇൻറർ സ്റ്റേറ്റുകളിലോടുന്ന വാഹനങ്ങളുടെ വരുമാനം പ്രത്യേകമായി കണക്കാക്കാറുണ്ടോ ;

(സി) ഇത്തരം ബസ്സുകൾ ലാഭകരമാണോ ; അല്ലെങ്കിൽ ലാഭകരമാക്കാൻ പ്രത്യേക വല്ല പരിപാടികളുമുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) 103 ബസ്സുകൾ ഇൻറർ സ്റ്റേറ്റ് സർവ്വീസായി ഓടുന്നുണ്ട്.

(ബി) ഇൻറർസ്റ്റേറ്റ് റൂട്ടുകളുടെ വരുമാനം പ്രത്യേകം കണക്കാക്കാറില്ല.

(സി) പൊതുജനതാല്പര്യപ്രകാരം ഓടിക്കുന്ന സർവ്വീസുകൾ ലാഭനഷ്ടം മാത്രം നോക്കി ഓടിക്കുക ശരിയല്ല.

കള്ളവാറ്റ് കേസ്

*545 [579] ശ്രീ. എൻ. ഡി. മൊയ്തീൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെൻറ് 1978-79-ൽ കണ്ടുപിടിച്ച കള്ളവാറ്റുകേസുകളിൽ ചാർജ് ചെയ്യാത്തവ എത്ര ;

(ബി) ചാർജ് ചെയ്യാതിരിക്കുന്നതിനു കാരണമെന്ത് ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) 1978 ഏപ്രിൽ 1 മുതൽ 31-1-79 വരെ മൊത്തം 24974 കേസുകൾ പിടിച്ചിട്ടുണ്ട്. അവയിൽ ചാർജ് ചെയ്യാത്ത കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പ്രൈവറ്റു ബസ്സുകൾ ചെക്കു ചെയ്യാതിരിക്കുന്നതായി പരാതി

*546 [580] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥൻമാർ ബസ്സുടമകളിൽനിന്ന് പണം വാങ്ങിച്ച് ബസ്സുകൾ ചെക്ക് ചെയ്യാതിരിക്കുന്നതായുള്ള പരാതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓവർലോഡ് കേസ്സുകൾ ചാർജ്ജ്ചെയ്യാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാർ ഒരു മാസത്തിൽ ഇത്ര കേസുകളെങ്കിലും ചാർജ് ചെയ്യണമെന്നുള്ള ഒരു നിർദ്ദേശം ഗവൺമെൻറിൽനിന്ന് കൊടുത്ത് ഉദ്യോഗസ്ഥൻമാരെ ഉണർത്തുള്ളവരാക്കുവാൻ നടപടികൾ എടുക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്) :

(എ) ഇതുസംബന്ധിച്ചുള്ള പരാതികളൊന്നും തന്നെ അടുത്ത കാലത്ത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിലും ഈ കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ വകുപ്പുദ്ധികാരികൾക്ക് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ആഫീസിൽനിന്നും നൽകിയിട്ടുണ്ട്.

(ബി) പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly